

■ ലേഖനം

ടി. മുഹമ്മദ് വേളം

# ഭരണകൂടം, പൗരസമൂഹം, അധിനിവേശം ഖുർആനിക മാതൃക

**"വർത്തമാനകാലത്തെ** ചെറുത്തുനിൽപിന്റെ സവിശേഷതകൾ നിരീക്ഷിക്കുന്ന ആർക്കും മക്കാവാദത്തിന്റെ നവ കൊളോണിയൽ അജണ്ട വ്യക്തമാകും. ഇന്ന് ലോകത്തുള്ള എല്ലാ ചെറുത്തുനിൽപുകളും അന്താരാഷ്ട്ര നിയമത്തിന്റെ സാങ്കേതിക പദമുപയോഗിച്ച് പറഞ്ഞാൽ ഭരണകൂട ബാഹ്യമായ (നോൺസ്റ്റേറ്റ് പാർട്ടീസ്) പ്രസ്ഥാനങ്ങളാണ്. റഷ്യൻ അധിനിവേശത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ പടപൊരുതുന്ന ചെച്ൻകാരായാലും അഫ്ഗാനിസ്താനിലെ താലിബാനായിരുന്നാലും ഫലസ്തീനിലെ ഹമാസായാലും ഇറാഖിലെ പ്രതിരോധ മുന്നണിയായാലും എല്ലാം നോൺ സ്റ്റേറ്റ് പാർട്ടികൾതന്നെ. ഭരണകൂട ബാഹ്യമായ ഗ്രൂപ്പുകളോ സംഘടനകളോ ആണ് പൊതുവിൽ അധിനിവേശത്തിനെതിരെ പോരാടുന്നതിൽ മുമ്പും മുന്നിൽ നിന്നത്. നാസി സൈന്യം യൂറോപ്യൻ രാജ്യങ്ങൾ ഒന്നൊന്നായി കീഴടക്കിയപ്പോൾ അതത് നാടുകളിലെ ഭരണകൂടങ്ങൾ പലപ്പോഴും അവരെ സ്വാഗതം ചെയ്യുകയായിരുന്നു. ഇസ്‌ലാമിന്റെ കഴിഞ്ഞ അഞ്ചു നൂറ്റാണ്ടത്തെ ചരിത്രത്തിലും ഭരണകൂടങ്ങൾ അധിനിവേശവുമായി രാജിയാവുകയും ജനങ്ങൾ കടന്നുകയറ്റക്കാരെ തടയുകയും ചെയ്യുന്നതായി കാണുന്നു" ('മക്കാ കാലഘട്ടത്തിലെ നവ കൊളോണിയലിസം', കലീം. *തേജസ്*, ഒക്ടോബർ 16–31).

മുസ്‌ലിംകളുടെ രാഷ്ട്രീയ സ്ഥിതി (political status) മൂന്നുവിധത്തിൽ ഒന്നായിരിക്കുമെന്നാണ് ഖുർആനിൽനിന്ന് ഗ്രഹിക്കാനാവുന്നത്. ഒന്ന്: ഭരണകൂടം. ദാവൂദ്, സുലൈമാൻ, മദീനയിലെ മുഹമ്മദ് നബി(സ) എന്നീ പ്രവാചക മാതൃകകളും ദുൽഖർനൈൻ മുതലായവരുടെ പ്രവാചകേതര ചരിത്രങ്ങളും ഇതിന്റെ ഉദാഹരണങ്ങളാണ്. രണ്ട്: മുസ്‌ലിംകളും അമുസ്‌ലിംകളും ഒരേ നാട്ടിൽ തദ്ദേശീയരായി ജീവിക്കുന്ന, മുസ്‌ലിംകൾ ഭരണകൂടരഹിത ന്യൂനപക്ഷമായുള്ള നാടുകൾ പ്രവാചകന്റെ മക്കയും നേരത്തേ പേരു പറഞ്ഞവരൊഴിച്ചുള്ള പ്രവാചകന്മാരുടെ സമൂഹങ്ങളും മൂസാനബിയുടെ പലായനപൂർവ ഈജിപ്തും ഗുഹാവാസികളുടെ സംഘവും ഇതിന്റെ ഖുർആനിക ചരിത്ര ശിൽപങ്ങളാണ്. മൂന്ന്: സ്വന്തം ജന്മനാട്ടിൽ അധിനിവേശത്തിനിരയായ മുസ്‌ലിംകളാണ്. ഈ മൂന്ന് രാഷ്ട്രീയ അവസ്ഥകളിലും യുദ്ധത്തിന്റെയും സായുധനീക്കത്തിന്റെയും തലത്തിൽ വ്യത്യസ്ത വിധികളാണുള്ളതെന്ന് ഖുർആൻ പഠിക്കുമ്പോൾ ബോധ്യമാകും.

* * * *

### പൗരസമൂഹം

ഖുർആന്റെ ചരിത്രാഖ്യാനത്തിലെ ഒരു പ്രധാന അധ്യായമാണ് ഗുഹാവാസികളെക്കുറിച്ചുള്ള വിവരണം. ഈസാ നബിക്ക് ശേഷം വഴിതെറ്റുകയും ധിക്കാരികളാവുകയും ചെയ്ത സമൂഹത്തിൽ നിന്നുയർന്നുവന്ന മുസ്‌ലിം ഉമ്മത്തിനെ പ്രതിനിധീകരിക്കുന്ന ധീരരായ ചെറുപ്പക്കാരുടെ ഒരു ചെറുസംഘമായിരുന്നു അവർ. "ഞങ്ങളുടെ നാഥൻ ആകാശഭൂമികളുടെ നാഥനാകുന്നു. അവനെയെല്ലാതെ ഞങ്ങൾ പ്രാർഥിക്കുകയില്ല" എന്ന നിലപാടറിയിക്കലും പ്രബോധനവും ആ ജനതയുടെ മർമത്തെ സ്പർശിച്ചു. ഈ പ്രബോധനത്തോടുള്ള അവരുടെ പ്രതികരണത്തെക്കുറിച്ച മുസ്‌ലിംസംഘത്തിന്റെ വിലയിരുത്തൽ കൃത്യമായിരുന്നു. ഇനിയും ഈ വഴിക്ക് ഒരടി വെച്ചാൽ അവർ എറിഞ്ഞുവീഴ്ത്തും അല്ലെങ്കിൽ പഴയ മതത്തിലേക്ക് ബലം പ്രയോഗിച്ച് മടക്കപ്പെടും (*അൽകഹ്ഫ്* 20). പ്രബോധനം പ്രതിയോഗിയുടെ ബലത്തിന്റെ മുന്നിൽ വഴിമുട്ടി. ഭരണരഹിതരായ ആ ന്യൂനപക്ഷത്തിനു മുന്നിൽ ഏറ്റുമുട്ടലിന്റെയും ആശയപരമായ കീഴടങ്ങലിന്റേതുമല്ലാത്ത മറ്റൊരു സാധ്യത അല്ലാഹു തുറന്നു നൽകുകയായിരുന്നു. അതായിരുന്നു അസ്ഹാബുൽ കഹ്ഫിന്റെ ഗുഹ. ഇനി ഒരടി മുന്നോട്ടുവെച്ചാൽ ബലത്തിന്റെ ഇരയാവുകയോ പ്രതിബലം പ്രയോഗിക്കേണ്ടിവരികയോ ചെയ്യുമെന്നു വന്നപ്പോൾ അതേ വഴിയിൽ മുന്നോട്ടുപോകുന്നതിന് പകരം അല്ലാഹുവിന്റെ നിർദേശപ്രകാരം മറ്റൊരു വഴി തെരഞ്ഞെടുത്ത് മുന്നോട്ടുപോവുകയാണ് ആ ചരിത്രഘട്ടത്തിലെ മുസ്‌ലിം സമൂഹം ചെയ്തത്.

എന്തുകൊണ്ട് ഏറ്റുമുട്ടലിന്റെ പാത ഒഴിവാക്കി ഗുഹാവാസത്തിന്റെ പാത തെരഞ്ഞെടുത്തു? അവർ ഭീരുക്കളായിരുന്നോ എന്ന സംശയത്തിന് ഖുർആൻ ഈ ചരിത്രാഖ്യാനത്തിന്റെ ആമുഖത്തിൽതന്നെ മറുപടി പറയുന്നുണ്ട്: "നാം അവരുടെ മനസ്സുകളെ നിശ്ചയദാർഢ്യമുള്ളതാക്കി" (*അൽകഹ്ഫ്* 14). എന്നിട്ടും എന്തുകൊണ്ട് ഗുഹ?

ഖുർആൻ ഈ ചരിത്രത്തെ പുനരുൽപാദിപ്പിച്ച സാമൂഹിക സന്ദർഭത്തെക്കൂടി വിലയിരുത്തുമ്പോഴാണ് ഇതിനെക്കുറിച്ച വ്യക്തത ലഭിക്കുക. മക്കയിലെ ഭരണരഹിത പീഡിത ന്യൂനപക്ഷത്തിന്റെ നോവിലേക്കാണ് അല്ലാഹു ഈ ചരിത്രത്തെ വെളിപാടിന്റെ ഭാഗമായി പുനരവതരിപ്പിച്ചത്. മുഹമ്മദ് നബിയുടെ പ്രബോധനത്തോട് കേവല പരിഹാസത്തി

ന്റെയും വിമർശനത്തിന്റെയും എതിരിടൽ രീതിക്കുപരി ആക്രമണത്തിന്റെ ശൈലി ആരംഭിച്ചു കഴിഞ്ഞ ഘട്ടത്തിലാണ് ഹുഗാവാസികളുടെ ചരിത്രവുമായി അലൗകിക ലോകത്തിൽനിന്ന് ജിബ്‌രീൽ മനുഷ്യചരിത്രത്തിലേക്ക് ഇറങ്ങുന്നത്.

മുസ്‌ലിംകൾ ഭരണഹരിതരും ന്യൂനപക്ഷവുമായി, അവിശ്വാസികളോടൊപ്പം ഒരേ നാട്ടുകാരായി ജീവിക്കുന്നേടത്ത് ആയുധം ഇസ്‌ലാമികമായ ഒരു സാധ്യതയല്ല എന്നാണ് ഗുഹാവാസകളുടെ ചരിത്രം പറഞ്ഞുവെച്ചുകൊണ്ട് ഖുർആൻ മക്കയിലെ പ്രവാചക നേതൃത്വത്തിലുള്ള മുസ്‌ലിംസമൂഹത്തെ പഠിപ്പിച്ചത്.

'ഇന്ത്യയിലെ ഭരണരഹിത മുസ്‌ലിം പൗരസമൂഹം ഏതോ ഒരു വലിയ ഗുഹയിൽ അഭയം പ്രാപിക്കണമെന്നല്ലേ ഗുഹാവാസികളുടെ ചരിത്രത്തെ നമ്മുടെ സമകാലികതയുമായി സമീകരിക്കുമ്പോൾ കിട്ടുന്ന അർഥം' എന്ന ചോദ്യവുമായി അക്ഷരവാദികൾ ചാടിവീഴാനുള്ള സാധ്യത ഏറെയാണ്. പ്രവാചകനും അനുചരന്മാരും ഖുർആനെ എവ്വിധം ഗ്രഹിച്ചു, എങ്ങനെ പ്രയോഗിച്ചു എന്ന ചരിത്രാന്വേഷണമാണ് അതിനുള്ള ഉത്തരം. സൂറത്തുൽ കഹ്ഫിന്റെ അവതരണത്തിന്റെ ഏതാണ്ട് തൊട്ടുടനെയാണ് പ്രവചാകമാർഗ നിർദേശ പ്രകാരം അനുചരന്മാർ എത്യോപ്യയിലേക്ക് പലായനം ചെയ്തത്. ഒടുവിൽ പ്രവാചകനെ തന്നെയും കൊന്നുകളയാൻ ശത്രുക്കൾ തീരുമാനിച്ചപ്പോൾ ആയുധം കൊണ്ട് പ്രതിരോധിക്കുന്നതിനു പകരം മദീനയുടെ പുതിയ വഴിയിലൂടെ ഇസ്‌ലാമിക പ്രബോധനം മുന്നോട്ടുപോയി.

'ഭരണരഹിത ന്യൂനപക്ഷാവസ്ഥ'യിൽ ഭരണവ്യവസ്ഥയുമായി ഏറ്റുമുട്ടാതിരിക്കുക എന്നത് പ്രവാചകന്മാർക്ക് മാത്രമുള്ള പ്രത്യേക നിയമവിധിയല്ല, പ്രവാചക നേതൃത്വമില്ലാത്ത മുസ്‌ലിം സമൂഹത്തിനും അല്ലാഹു നിശ്ചയിച്ച വഴിയാണെന്നതാണ് ഗുഹാവാസികളുടെ ചരിത്രം പകർന്നുതരുന്ന മറ്റൊരു പാഠം.

ഇസ്‌ലാമിക പ്രബോധനം ഒരു സംഘർഷമുഖത്ത് ചെന്ന് വഴിമുട്ടുമ്പോൾ ശാക്തിക ഏറ്റുമുട്ടലിന്റേതല്ലാത്ത മറ്റു അതിജീവന വഴികൾ കണ്ടെത്തുക എന്നതാണ് അസ്ഹാബുൽ കഹ്ഫിന്റെ ഗുഹാവാസവും നബിയുടെ ഹിജ്റയും ഒരേസമയം നൽകുന്ന പാഠം. ഒരു ജനാധിപത്യ രാഷ്ട്രീയക്രമത്തിൽ രാജവാഴ്ചയെക്കാളും ഗോത്രവ്യവസ്ഥയെക്കാളും ഇത്തരം സാധ്യതകൾ ഒരുപാടധികമാണ്. ജനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ അവർ പരസ്പരം ബലം പ്രയോഗിക്കാതെ പരിഹരിക്കാനുള്ള സാമൂഹിക ഉടമ്പടിയാണ് ജനാധിപത്യം. ഗോത്ര

**ഇസ്‌ലാമിക പ്രബോധനം ഒരു സംഘർഷ മുഖത്ത് ചെന്ന് വഴിമുട്ടുമ്പോൾ ശാക്തിക ഏറ്റുമുട്ടലിന്റേതല്ലാത്ത മറ്റു അതിജീവന വഴികൾ കണ്ടെത്തുക എന്നതാണ് അസ്ഹാബുൽ കഹ്ഫിന്റെ ഗുഹാവാസവും നബിയുടെ ഹിജ്റയും ഒരേസമയം നൽകുന്ന പാഠം. ഒരു ജനാധിപത്യ രാഷ്ട്രീയക്രമത്തിൽ രാജവാഴ്ചയെക്കാളും ഗോത്രവ്യവസ്ഥയെക്കാളും ഇത്തരം സാധ്യതകൾ ഒരുപാടധികമാണ്. നാം മുൻകൈയെടുത്തും പങ്കുചേർന്നും എല്ലാ ദുർബലർക്കും അതിജീവിനത്തിന് അവസരമൊരുക്കുന്ന ജനാധിപത്യ രാഷ്ട്രീയക്രമത്തെയും പൗരസമൂഹത്തെയും ബലപ്പെടുത്തുകയാണ് ചെയ്യേണ്ടത്.**

ങ്ങളും ജനവിഭാഗങ്ങളും തമ്മിൽ പൊരുതി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചേടത്തുനിന്നുള്ള മനുഷ്യന്റെ സാംസ്കാരിക വികാസമാണ് ജനാധിപത്യം. നമ്മുടെ ജനാധിപത്യം അതിന്റെ വികാസത്തിന്റെ വഴിയിൽ ഇനിയും പരിഹരിച്ചുതീർത്തിട്ടില്ലാത്ത ദൗർബല്യങ്ങൾ ഒരുപാടുണ്ട്. അവ മുസ്‌ലിം ന്യൂനപക്ഷത്തിന് വിനയായി മാറുന്നുണ്ട്. നാം മുൻകൈയെടുത്തും പങ്കുചേർന്നും എല്ലാ ദുർബലർക്കും അതിജീവിനത്തിന് അവസരമൊരുക്കുന്ന ജനാധിപത്യ രാഷ്ട്രീയക്രമത്തെയും പൗരസമൂഹത്തെയും ബലപ്പെടുത്തുകയാണ് ചെയ്യേണ്ടത്.

"മുസ്‌ലിംകൾ ഗ്വാണ്ടനാമോ തൊട്ട് കോഴിക്കോട് (മാറാട്) വരെ അന്യായമായ തടങ്കലിനും ക്രൂരമായ പീഡനങ്ങൾക്കും വിധേയമാക്കപ്പെടുന്നു. എന്നാൽ വിവിധ രാജ്യങ്ങളിൽ ഭരണകൂടം നടത്തുന്ന കൊടും ക്രൂരതകളും ആക്രമണങ്ങളും നിരോധിത ആയുധ പ്രയോഗങ്ങളും അതിർത്തി ലംഘനങ്ങളും കൊടിയ വിവേചനവും ചോദ്യം ചെയ്യാനോ അവയിൽനിന്ന് ജനങ്ങളെ രക്ഷിക്കാനോ യാതൊരു മാർഗവും നിലവിലില്ല" (തീവ്രവാദം, ഭീകരവാദം പദപ്രയോഗത്തിന്റെ കേരളീയ മാനങ്ങൾ. നൂറുൽ അമീൻ, *തേജസ്* ഒക്ടോബർ 16-31). ഇവിടെ സൂചിപ്പിച്ച പോലുള്ള ജനാധിപത്യ രാഷ്ട്രീയക്രമത്തെക്കുറിച്ച നിഷേധാത്മക, അശുഭാപ്ത നിലപാട് സന്ദർഭത്തെക്കുറിച്ച അതിവാദപരമായ വിധിയെഴുത്താണ്. ഭരണകൂടം, കോടതി, മാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, പൗരസമൂഹ പ്രസ്ഥാനങ്ങൾ, മനുഷ്യാവകാശ പ്രവർത്തകർ, ആക്ടിവിസ്റ്റുകൾ തുടങ്ങി ഒന്നിന്റെ സാധ്യത വഴിമുട്ടുമ്പോൾ മറ്റൊന്നിന്റേത് തുറന്നു കിടക്കുന്ന നമ്മുടെ ജനാധിപത്യത്തെ മൊത്തം മുസ്‌ലിംവിരുദ്ധം എന്ന ഒറ്റ പ്രയോഗം കൊണ്ട് അടിക്കുറിപ്പെഴുതുന്നത് ബാലൻസ് തെറ്റിയ മാനസികാവസ്ഥയുടെ സാമൂഹിക വിലയിരുത്തൽ മാത്രമാണ്. "സംസ്ഥാനത്തെ ഹിന്ദുക്കളുമായോ ക്രിസ്ത്യാനികളുമായോ ഭരണകൂടവുമായോ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളുമായോ സംഘർഷത്തിലല്ലാത്ത എൻ.ഡി.എഫ്, ആർ.എസ്.എസ്സിനെ ചെറുക്കാൻ ധൈര്യം കാണിക്കുന്നു എന്നതിന്റെ പേരിൽ മാത്രം അവരെ തീവ്രവാദികളായി ചിത്രീകരിക്കുന്നത് എത്ര ആത്മഹത്യാപരമാണ്" (അതേ ലേഖനം). ഫാഷിസം എന്ന പ്രശ്നത്തെ ഭരണഘടനക്കകത്തുനിന്നും ഒപ്പം ഭരണഘടനാബാഹ്യമായും പരിഹരിക്കാൻ ശ്രമിക്കുന്ന ഒരു ഗ്രൂപ്പ് ഭരണകൂടവുമായി ഏറ്റുമുട്ടുന്നില്ല എന്നതിന്റെ പൊരുൾ വായനക്കാരന് ഇനിയും മനസ്സിലായിട്ടുവേണം.

ഖുർആന്റെ ചരിത്ര വിവരണത്തിൽ നാം കണ്ടുമുട്ടുന്ന ഏറ്റവും ഭീകരനായ ഫാഷിസ്റ്റ് ഭരണാധികാരിയാണ് ഫറോവ. മുസ്‌ലിം സമൂഹത്തിലെ ആൺകുട്ടികളെ കൊന്ന് തിന്നുകയും പെൺകുട്ടികളെ കൊല്ലാതെ തിന്നുകയും ചെയ്ത നിഷ്ഠുരൻ. വംശശുദ്ധീകരണം ഒരു രാഷ്ട്രീയ ആയുധമായി വികസിപ്പിച്ച ഫാഷിസ്റ്റ്.

ഈ ഭരണകൂട ജനകീയ ഫാഷിസത്തെ പ്രവാചകൻ മൂസാ എങ്ങനെ അഭിമുഖീകരിച്ചു? ഒരാക്രമണത്തിനും പ്രത്യാക്രമണമില്ലാതെ ഫാഷിസത്തെ ആശയ പ്രചാരണം കൊണ്ടും ക്ഷമകൊണ്ടും അഭിമുഖീകരിച്ച അവിസ്മരണീയ രാഷ്ട്രീയാനുഭവമായിരുന്നു പലായനപൂർവ മൂസാ ചരിത്രം.

ഇന്നത്തെ പൗരസമൂഹത്തിന്റെ പ്രചാനീ മധ്യകാല രൂപമാണ് പ്രജാ സമൂഹവും ഗോത്ര സമൂഹവും. മുസ്‌ലിംകൾ അതേ നാട്ടിലെ പ്രജകളോ ഗോത്രത്തിലെ അംഗങ്ങളോ ആയിരിക്കെ നിയമരഹിതമായി അതിനെ അട്ടിമറിക്കാൻ ഇസ്‌ലാം ഒരിക്കലും തുനിഞ്ഞിട്ടില്ല. എന്നാൽ അതിനെതിരെ ആശയപരമായ പ്രക്ഷോഭ പ്രബോധനങ്ങൾ എന്നും കുറിക്കുകൊള്ളുന്ന പാകത്തിൽ നടത്തിപ്പോരുകയും ചെയ്തിട്ടുണ്ട്. പ്രായോഗികമായ അട്ടിമറി പ്രവർത്തനങ്ങൾ ഒരു സമൂഹത്തിൽ അരാജകത്വം പടർത്തും. എന്നാൽ വ്യവസ്ഥക്കെതിരായ ദാർശനിക പ്രബോധനങ്ങൾ ഒരു സാമൂഹികക്രമത്തിന്റെ ഉള്ള ആരോഗ്യത്തെ നിലനിർത്തിക്കൊണ്ട് തന്നെ പുതിയതും കൂടുതൽ മെച്ചവുമായ ഒരു ക്രമത്തെ ഗർഭം

ധരിക്കുകയും സംജാതമാക്കുകയും ചെയ്യും. ഇസ്‌ലാം എപ്പോഴും ഒരു സാമൂഹിക രാഷ്ട്രീയ ക്രമത്തിന്റെ വിത്തോ, വൃക്ഷമോ ആയിരിക്കും. കൂടുതൽ ആരോഗ്യമുള്ള ഒരു ക്രമത്തെ ലക്ഷ്യം വെക്കുന്ന ഇസ്‌ലാം അരാജകത്വത്തെ, അതിലേക്ക് നടന്നെത്താനുള്ള ഒരു വഴിയായി ഒരിക്കലും അംഗീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ഫറോവയുടെയും ഗുഹാവാസികളുടെ നാടിന്റെയും ഭരണവ്യസ്ഥകളോട് ഇസ്‌ലാം ഏറ്റുമുട്ടലിന്റേതല്ലാത്ത മറുവഴികൾ കണ്ടെത്തിമുന്നോട്ടുപോയത്.

ഒരു നാട്ടുകാരുടെ ഭരണവ്യവസ്ഥയും ജനസമൂഹം തന്നെയും എത്ര അനിസ്‌ലാമികവും മർദകരുമാണെങ്കിലും ആ വ്യവസ്ഥയോടും ജനതയോടും ഉത്തരവാദിത്വത്തോടെ പെരുമാറുക എന്നതാണ് ഖുർആൻ പരിചയപ്പെടുത്തിയ മുഴുവൻ തദ്ദേശീയ മുസ്‌ലിം സമൂഹങ്ങളും ഉയർത്തിപ്പിടിച്ച രാഷ്ട്രീയ സംസ്കാരം.

## അധിനിവേശം

പോർച്ചുഗീസ് ബ്രിട്ടീഷ് അധിനിവേശങ്ങൾക്കെതിരെ ഇന്ത്യയിൽ പൊതുവിലും കേരളത്തിൽ സവിശേഷമായും മുസ്‌ലിം പണ്ഡിതരുടെ വൈജ്ഞാനികവും സായുധവുമായ നേതൃത്വത്തിൽ വമ്പിച്ച ഇസ്‌ലാമിക സമരപോരാട്ടങ്ങൾ നടക്കുകയുണ്ടായി.

ഡോ. യൂസുഫുൽ ഖറദാവിയെയും ഫൈസൽ മൗലവിയെയും പോലുള്ള മതപണ്ഡിതന്മാരും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഫലസ്ത്വീനിലെയും ഇറാഖിലെയും വിമോചനപ്പോരാട്ടങ്ങളെ പിന്തുണക്കുമ്പോൾതന്നെ ഇന്ത്യ പോലുള്ള സ്ഥലങ്ങളിലെ സായുധ നീക്കങ്ങളെ തള്ളിപ്പറഞ്ഞത് ശ്രദ്ധേയമാകുന്നു.

എന്നാൽ വൈദേശികാക്രമണത്തോടും ആഭ്യന്തര പീഡനങ്ങളോടുമുള്ള ഇസ്‌ലാമിക സമീപനത്തിലെ വ്യത്യസ്തതയെ നിരാകരിക്കുകയും വ്യത്യസ്ത അവസ്ഥകളിലെ മതവിധികളെ കൂട്ടിക്കുഴക്കുകയും ചെയ്യുകയാണ് സാമുദായിക പ്രത്യാക്രമണ സംഘടനാധിഷണ ചെയ്യുന്നത്. ഇന്ത്യയിലെ ഹൈന്ദവ ഫാഷിസ്റ്റുകൾ ഈജിപ്തിലെ ഫറവോയെയും ഖിബ്ത്വികളെയും പോലെ തദ്ദേശീയ പീഡകരാണോ പലയാനാനന്തരം മൂസാ നബിയും പിന്നീട് ശാമുവേൽ ദാവൂദ് പ്രവാചകന്മാരും താലൂത്തും അഭിമുഖീകരിച്ചത് പോലുള്ള വൈദേശിക ആക്രമണകാരികളാണോ എന്നതാണ് ഖുർആനെ മുൻനിർത്തി ഇന്ത്യയിലെ സമൂർത്ത സാഹചര്യത്തെക്കുറിച്ച് ഉന്നയിക്കപ്പെടേണ്ട ചോദ്യം. ഒരു സാമൂഹിക സന്ദർഭത്തിൽ എന്ത് നിലപാട് സ്വീകരിക്കണം എന്നതിനെക്കുറിച്ച ഇജ്തിഹാദ് ഇജ്തിഹാദാവണമെങ്കിൽ അതിനവലംബിക്കുന്ന പ്രമാണങ്ങൾ ശരിയായിരിക്കണമെന്ന പോലെ ആ സാഹചര്യത്തെക്കുറിച്ച വിലയിരുത്തൽ സത്യസന്ധവുമായിരിക്കണം.

ഇസ്‌ലാമിൽ രണ്ട് തരത്തിലുള്ള സായുധ പോരാട്ടങ്ങളുണ്ട്. ഒന്ന്, ആദർശ പ്രബോധന ഫലമായി സംഭവിക്കുന്ന സംഘർഷങ്ങളാണ്. ബദ്ർ അതിന്റെ ഉജ്ജ്വല ഉദാഹരണമാണ്. പ്രബോധനത്തിന്റെ ഫലമായാണ് ഇത്തരം സത്യാസത്യ സംഘട്ടനങ്ങൾ ചരിത്രത്തിൽ സംഭവിക്കുന്നത്. പ്രബോധനം, ഭരണകൂടം മുതലായ മുന്നുപാധികൾ പൂർത്തീകരിച്ചുകൊണ്ടാണ് ഇത്തരം യുദ്ധങ്ങൾ ഉണ്ടാവുന്നത്. രണ്ടാമത്തെ സായുധ സമരം മുസ്‌ലിംകൾ താമസിക്കുന്ന നാടിന് നേരെ നടക്കുന്ന അധിനിവേശത്തിനെതിരായ പോരാട്ടമാണ്.

സയ്യിദ് സാബിഖ് എഴുതുന്നു: "സായുധ ജിഹാദ് എല്ലാ മുസ്‌ലിംകളുടെ മേലും നിർബന്ധമല്ല. അതൊരു സാമൂഹിക നിർബന്ധം (ഫർദ് കിഫായ) ആകുന്നു. അതുകൊണ്ട് ശത്രു പ്രതിരോധിക്കപ്പെട്ടാൽ മറ്റുള്ളവർ ബാധ്യതാ മുക്തരാവുന്നതാണ്. എപ്പോഴാണ് സായുധസമരം വ്യക്തിഗത നിർബന്ധമാവുന്നത്... രണ്ട്, മുസ്‌ലിംകൾ താമസിക്കുന്ന ഒരു സ്ഥലത്ത് അല്ലെങ്കിൽ രാജ്യത്ത് ശത്രു കടന്നുവന്നാൽ അവരോട് യുദ്ധത്തിന് പുറപ്പെടൽ മുഴുവൻ രാജ്യവാസികളുടെയും നിർബന്ധ ബാധ്യതയായിത്തീരും. എല്ലാവരും ഒരുമിച്ചു പൊരുതിയാലല്ലാതെ പ്രതിരോധം സാധ്യമല്ലെങ്കിൽ" (*ഫിഖ്ഹ് സ്സുന്ന*, രണ്ടാം വാള്യം 'അൽജിഹാദ്' അധ്യായം).

ഇസ്‌ലാമിക രാഷ്ട്രത്തിനെതിരെ നടക്കുന്ന വൈദേശികാക്രമണത്തോട് മാത്രമല്ല, മുസ്‌ലിംകൾ താമസിക്കുന്ന നാടുകൾക്കെതിരെ നടക്കുന്ന കൈയേറ്റങ്ങൾക്കെതിരെയും പ്രതികരിക്കൽ മുസ്‌ലിംകളുടെ ബാധ്യതയാണ്.

ലോകത്ത് എവിടെ ആരുടെ കർതൃത്വത്തിൽ നടക്കുന്ന അധിനിവേശവിരുദ്ധ പോരാട്ടത്തിലും ഇസ്‌ലാമിക ജിഹാദിന്റെ രാഷ്ട്രീയ ചൈതന്യം അന്തർഹിതമായിട്ടുണ്ട്. അതുകൊണ്ടുതന്നെ അവയെയെല്ലാം പിന്തുണക്കുക എന്നത് മുസ്‌ലിംകളുടെ ആദർശ ബാധ്യതയാണ്. അധിനിവേശത്തോട് ഒരു വിട്ടുവീഴ്ചയും ഇല്ല, അത് ഒരു ആനുകൂല്യവും അർഹിക്കുന്നില്ല എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്.

## ഭരണകൂടം

മുസ്‌ലിംകളുടെ രാഷ്ട്രീയസ്ഥിതി (പൊളിറ്റിക്കൽ സ്റ്റാറ്റസ്)യെക്കുറിച്ച് പറഞ്ഞേടത്ത് ഒന്നാമതായി എണ്ണിയത് ഭരണകൂടത്തെയാണ്. തീർച്ചയായും ഭരണകൂടം എന്നത് ബലം ഉള്ളടങ്ങിയ ഒരു സാമൂഹിക സ്ഥാപനമാണ്. അനിവാര്യമാകുമ്പോൾ രാജ്യത്തിനകത്തും പുറത്തും ശക്തിയുപയോഗിക്കാൻ അധിനധികാരമുണ്ടെന്നത് ഇസ്‌ലാമികമായും പൊതുവായും അംഗീകൃതമായ കാര്യമാണ്. ഖുർആനിൽ ക്രിമിനൽ നിയമപ്രമാണങ്ങളുണ്ട്. ഇത് നടപ്പിലാക്കേണ്ടത് ആരാണ് എന്നതിനെക്കുറിച്ച് പണ്ഡിതന്മാർ പറയുന്നു: ന്യായധിപൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിപുരുഷൻ ആണ് ശിക്ഷ നടപ്പാക്കേണ്ടത് എന്നതിൽ ഫഖീഹുകൾ ഏകോപിച്ചിരിക്കുന്നു. വ്യക്തികൾ സ്വന്തം നിലക്ക് ഈ ഉത്തരവാദിത്വം ഏറ്റെടുക്കാവതല്ല.

ത്വഹാവി മുസ്‌ലിമുബ്നു യസാറിൽനിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: സ്വഹാബികളിലൊരാൾ പറയാറുണ്ടായിരുന്നു: "സകാത്ത്, ശിക്ഷകൾ, സമരാർജിത സമ്പത്ത്, ജുമുഅ എന്നിവ സുൽത്താന്റെ അധികാരമത്രെ." ഒറ്റ സ്വഹാബിയും ഇതിനെ എതിർത്തിട്ടില്ല എന്ന് ത്വഹാവി പറയുന്നു. മദീനാ പണ്ഡിതന്മാർ പറയാറുള്ളതായി ബൈഹഖി നിവേദനം ചെയ്യുന്നു: സുൽത്താനല്ലാത്ത ആരും ശിക്ഷകൾ നടപ്പാക്കാവതല്ല (*ഫിഖ്ഹുസ്സുന്ന*, ശിക്ഷാവിധികൾ).

എന്നിട്ടാണ് ഇരയെന്ന് പറയപ്പെട്ട സ്ത്രീതന്നെ കെട്ടിച്ചമച്ചതെന്ന് പിന്നീട് തുറന്ന് പറഞ്ഞ ഒരു 'മാനഭംഗക്കേസി'ലെ പ്രതിയെ, സംഘടനാ ഓഫീസിലിരുന്ന് തീരുമാനിച്ച് നടുറോട്ടിലിട്ട് വെട്ടിക്കൊന്നത്. ഒരു തദ്ദേശീയ നിയമവ്യവസ്ഥക്കകത്ത് ഏത് നോൺ സ്റ്റേറ്റ് പാർട്ടിക്കാണ് വിധിക്കും ശിക്ഷക്കുമുള്ള അധികാരം ഇസ്‌ലാം വകവെച്ചു നൽകുന്നത്? ഇത് ജാഹിലിയാ വ്യവസ്ഥയെയാണ് ഓർമയിൽ കൊണ്ടുവരുന്നത്. കണ്ണൂരിലെ മുഹമ്മദ് വധത്തിലെ പ്രതിയായിരുന്ന അശ്വനികുമാറിനെ വകവരുത്തുകയും തലശ്ശേരിയിലെ ഫസൽ വധത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്യുകയും ചെയ്യുന്നതിലെ വൈരുധ്യത്തിന്റെ റഫറൻസ് ഖുർആനും സുന്നത്തുമാണെന്ന് പറയാതിരിക്കാനുള്ള മര്യാദയെങ്കിലും കാണിക്കുക. ■